# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്ത
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

*സർക്കുലർ നമ്പർ 35*

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.*

കർത്താവിൽ പ്രിയരെ,

പട്ടക്കാരുടെ ശമ്പള ക്രമീകരണ ഫണ്ട് നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എപ്പിസ്കോപ്പൽ സിനഡ് ഒരു കമ്മറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് 2021 ഒക്ടോബർ 12-ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് പരിഗണിക്കുകയും അതിൻ പ്രകാരം സിനഡ് ചെയ്ത നിശ്ചയങ്ങൾ ഏവരുടെയും അറിവിനായി ചുവടെ ചേർക്കുന്നു.

1. പട്ടക്കാരുടെ ശമ്പള ക്രമീകരണ ഫണ്ട് (Clergy Salary Adjustment Fund) എന്നായിരിക്കും ഈ ഫണ്ടിന്റെ പേര്.
2. മാർത്തോമ്മാ സഭയിലെ ഓരോ ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും എപ്പിസ്കോപ്പൽ സിനഡ് തീരുമാനപ്രകാരം ഈ ഫണ്ടിലേക്ക് തുക ശേഖരിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം പട്ടക്കാരുടെ ഒരു മാസത്തെ അടിസ്ഥാന ശമ്പളമാണ് ശേഖരിക്കുന്നത്.
3. ഓരോ ഭദ്രാസനത്തിലും ഭദ്രാസന എപ്പിസ്കോപ്പായും ഭദ്രാസന ട്രഷറാർ അല്ലെങ്കിൽ ഭദ്രാസന സെക്രട്ടറി എന്നിവർ ഓപ്പറേറ്റു ചെയ്യുന്ന വിധം പ്രത്യേകമായി ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് ഇതിനായി ഉണ്ടായിരിക്കണം.
4. സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്ത ഇടവകകൾക്കും മിഷൻ ഫീൽഡുകൾക്കും അവയിലെ വികാരിമാർക്കും മിഷനറി അച്ചന്മാർക്കും ശമ്പളം നൽകുന്നതിനായി ഈ ഫണ്ടിൽ നിന്നും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് ഭദ്രാസന എപ്പിസ്കോപ്പാ തീരുമാനമെടുക്കുന്നതാണ്.
5. പട്ടക്കാർക്ക് ഈ ഫണ്ടിൽ നിന്നും നൽകുന്ന തുക ഓരോ ഭദ്രാസനത്തിലെയും അതത് വർഷത്തെ കണക്കുകളിൽ പ്രതിഫലിച്ചിരിക്കണം.
6. ഉപരിപഠനത്തിന് എപ്പിസ്ക്കോപ്പൽ സിനഡ് അനുവദിച്ചിട്ടുള്ള പട്ടക്കാർക്ക് മറ്റ് സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നില്ലായെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ അമ്പതു ശതമാനം വരെ സഭാ ഓഫീസിൽ നിന്നു നൽകുന്നതാണ്. ഇതിനായി ഓരോ ഭദ്രാസനവും ഓരോ വർഷവും ശേഖരിക്കുന്ന തുകയുടെ ഇരുപതു ശതമാനം സഭാ ഓഫീസിൽ നൽകണം.

7. ഉപരിപഠനത്തിന് എപ്പിസ്ക്കോപ്പൽ സിനഡ് അനുവദിച്ചിട്ടുള്ള പട്ടക്കാർ സിനഡിനു നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയിൽ പ്രോവിഡന്റ് ഫണ്ട്, മെഡിക്കൽ എയ്ഡ് ഫണ്ട്, ക്ലേർജി & ഫാമിലി വെൽഫയർ ഫണ്ട്, ക്ലേർജി ഹോം ലൈബ്രറി ഫണ്ട്, ക്ലേർജി ഇൻകപ്പാസിറ്റേറ്റഡ് ഫണ്ട് എന്നീ ഇനങ്ങളിൽ യാതൊരു കുടിശ്ശികയും മുൻവർഷങ്ങളിൽ ഇല്ല എന്ന വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.
8. വിദേശ നിയമനമോ, ഏതെങ്കിലും സാമ്പത്തിക സഹായമോ സ്കോളർഷിപ്പോ ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും അറിയിച്ചിരിക്കണം.
9. എം.റ്റി എച്ച് പഠനത്തിന് രണ്ടു വർഷവും ഡി.റ്റി.എച്ച് പഠനത്തിന് മൂന്നു വർഷവും ആണ് Study Leave അനുവദിക്കുന്നത്. പ്രസ്തുത കാലയളവിൽ മാത്രമേ ഈ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.
10. ഉപരിപഠനത്തിനു ഓരോ പട്ടക്കാരനും എത്ര തുക സാമ്പത്തിക സഹായം അനുവദിക്കണമെന്ന് സിനഡ് നിശ്ചയിക്കുന്ന ഒരു സബ് കമ്മറ്റി ഓരോ വർഷവും നിശ്ചയിക്കുന്നതാണ്.
11. സഭാ ബഡ്ജറ്റ് പ്രകാരം പട്ടക്കാരുടെ ഉപരിപഠനത്തിനു സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിന്റെ ചുമതല ടി സബ്കമ്മറ്റിക്കായിരിക്കും.
12. ഓരോ മൂന്നു വർഷം കൂടുമ്പോഴും ഈ മാനദണ്ഡങ്ങൾ സാധാരണയായി പുതുക്കുന്നതാണ്.

മുഴുവൻ ശമ്പളവും ലഭിക്കാത്ത സജീവ സേവനത്തിലുള്ള പട്ടക്കാരെ സഹായിക്കുന്നതിനായി ആരംഭിച്ച ഈ പദ്ധതിയുടെ ഫലകരമായ നടത്തിപ്പിന് എല്ലാ ഇടവകകളും ബന്ധപ്പെട്ട എല്ലാവരും ആത്മാർത്ഥമായ സഹകരണം നൽകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2021 നവംബർ 5–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**